**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3044** **21/08/2017-ൽ മറുപടിയ്ക്ക്**

**മണ്ണ് സംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.കെ.ബാബു<br>ശ്രീ.കെ.ജെ.മാക്സി<br>ശ്രീ.എം.സ്വരാജ് : | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മണ്ണ് പര്യവേക്ഷണവും സംരക്ഷണവും വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ ; | (എ) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്. |
| (ബി) വാട്ടർഷെഡ് പദ്ധതികളിലൂടെ സംസ്ഥാനത്തുടനീളം മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകമോ ; | (ബി) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന സംസ്ഥാനത്തുടനീളം വാട്ടർഷെഡ് പദ്ധതികളിലൂടെ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 19 മുതൽ 22 വരെയുള്ള ഘട്ടങ്ങളിലെ 115 വാട്ടർഷെഡുകളിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. കൃഷി ഭൂമിയുടെ സംരക്ഷണത്തിനായി കല്ലുകയ്യാല, പുല്ലുവച്ച് പിടിപ്പിക്കൽ, സ്റ്റിപ്പ് ടെറസ്സ്, മഴക്കുഴികൾ, ജൈവവേലി തുടങ്ങിയ പ്രവർത്തനങ്ങളും നീർച്ചാലുകളുടെ സംരക്ഷണത്തിനായി പാർശ്വഭിത്തി നിർമ്മാണം, തടയണകൾ, ക്രോസ്സ് ബാറുകൾ, ലീഡിംഗ്/ഡൈവേർഷൻ ചാനലുകൾ, ഭൂഗർഭ ജല പരിപോഷണത്തിനും ശുദ്ധജലസംഭരണത്തിനുമായി ജലസംഭരണികൾ, കിണർ റീചാർജ്ജിംഗ്, കിണറുകളുടേയും കുളങ്ങളുടേയും പുനരുദ്ധാരണം തുടങ്ങിയ മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾ വാട്ടർഷെഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. |
| (സി) എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതു മൂലം കർഷകർക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ? | (സി) കേന്ദ്രസർക്കാർ 2014-15 വർഷം മുതൽ നടപ്പിലാക്കി വരുന്ന കേന്ദ്ര സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുവാനുദ്ദേശിക്കുന്നുണ്ട്.<br>മണ്ണിന്റെ രാസഭൗതീക സ്വഭാവങ്ങളുടെയും, ശാസ്ത്രീയ വളപ്രയോഗ ശിപാർശകളുടെയും |

ആധികാരിക രേഖയായ സോയിൽ ഹെൽത്ത് കാർഡ് മണ്ണറിഞ്ഞ് വളം ചെയ്യുവാനും, തദ്വാര മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുവാനും കർഷകരെ സഹായിക്കുന്നു. കൂടാതെ മണ്ണിലടങ്ങിയിട്ടുള്ള പോഷക മൂലകങ്ങളുടെ തോത് പരിശോധിച്ച് ആവശ്യാനുസരണം മാത്രം വളപ്രയോഗം നടത്തുന്നതു വഴി കൃഷി ചെലവ് ഗണ്യമായി കുറയ്ക്കുവാനും, ഉത്പാദനം വർദ്ധിപ്പിക്കുവാനും സഹായിക്കുന്നു.

**സെക്ഷൻ ഓഫീസർ**